കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# വിളവൂർക്കൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

**2017-18**

ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം.

***e-mail:lfadtvm@yahoo.in***
***dotvm.ksad@kerala.gov.in***

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/2193/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം,
Phone No: 0471-2331231
Email: lfadtvm@yahoo.in

തീയതി 10.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വിളവൂർക്കൽ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.4/2193/2018

തീയതി : 10.12.2018

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 17.08.2017 മുതൽ 18.9.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **21** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **21** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ചതിന് ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള ഉടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സാജൻലാൽ.എസ്.ജെ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.09.2018 മുതൽ 29.09.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി സിന്ധു.പി.എസ്, ഓഡിറ്റ് ഓഫീസർ<br>ശ്രീ. രാജേഷ്.എം.ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.ജയലക്ഷ്മി.ബി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.സീന.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ ലിപു.എസ്.ലോറൻസ്, ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ വി. അനിൽകുമാർ<br>ശിവഗംഗ,ഗുരുജി നഗർ, പെരുകാവ് പി.ഒ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ ടൈറ്റസ്.സി,രേവതി, മണത്തോട്ടം<br>ശ്രീമതി ബീന.പി (അസി.സെക്രട്ടറി-ഇൻ–ചാർജ്ജ്), നീലാംബരി<br>ശ്രീ ടൈറ്റസ്.സി,രേവതി, മണത്തോട്ടം<br>ശ്രീമതി ബീന.പി (അസി.സെക്രട്ടറി-ഇൻ–ചാർജ്ജ്), നീലാംബരി<br>ശ്രീമതി ലതികകുമാരി.എസ്, | 01.04.2017മുതൽ 04.04.2017 വരെ<br>05.04.2017 മുതൽ 15.05.2017 വരെ<br>16.05.2017 മുതൽ 31.05.2017 വരെ<br>01.06.2017 മുതൽ 06.06.2017 വരെ |

| | | |
|---|---|---|
| | TC-19/1992(1), ദേവശ്രീ, പൂജപ്പുര P.O, തിരുവനന്തപുരം | 07.06.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി ബീന.പി , നീലാംബരി | 01.04.2017 മുതൽ 14.06.2017 വരെ |
| | ശ്രീമതി ഷീബ രാജൻ, പ്രശാന്തി, TC 14/1674(17), മാഞ്ഞോപ്പ് ലെയിൻ, കണ്ണമ്മൂല, മെഡിക്കൽ കോളേജ് P.O | 17.06.2017മുതൽ 31.03.2018 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. ലിയോ.എൽ.ജോസ്, ജോസ് വില്ല, മണ്ണടിക്കോണം,<br>ഊരൂട്ടമ്പലം പി.ഒ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ശ്രീമതി.മാഗ്ഡലിൻ.ഇ.ഡബ്ല്യ ഷാലോം,സി.എസ്.ഐ ചർച്ച് ലൈൻ,പ്ലാവിള,ഊരൂട്ടമ്പലം | 01.04.2017 മുതൽ 31.03.2018 വരെ |
| എം.ഒ (ആയുർവേദം) | ഡോ.പ്രമോദ്.എസ്. ലക്ഷ്മി വിലാസ്,കാരമൂട്,വെള്ളറട. പി.ഒ | 01.04.2017 മുതൽ 31.03.2018 വരെ |
| എം.ഒ (പി.എച്ച്.സി) | ഡോ. മാലിനി.ബി, സാവരായ, TC 31/1817,സൂര്യ ലെയിൻ, ഹൗസ് നം. 77A, മണ്ണാമൂല,<br>പേരൂർക്കട പി.ഒ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ശ്രീമതി. വി.എൽ.ഭാഗ്യലക്ഷ്മി, ക്വര 24D, ലക്ഷ്മികാന്തം, കുട്ടാംവിള, വേട്ടമുക്ക്, വട്ടിയൂർക്കാവ് പി.ഒ | 01.04.2017 മുതൽ 31.03.2018 വരെ |
| എച്ച്.എം. | ശ്രീ. ജയകുമാർ.ആർ.പി, ഉഷസദനം, ഞങ്ങാംപാറ,<br>കണ്ടള പി.ഒ | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ലതിക.പി.എസ്, പ്രണവം, വ്ളാത്താങ്കര | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ -I | ശ്രീമതി. സജീഷ.എ.എസ്, മാധവം, TC 8/1095/6, മൈത്രിനഗർ, വലിയവിള | 01.04.2017മുതൽ 31.03.2018 വരെ |
| വി.ഇ.ഒ -II | ശ്രീ ബിനുകുമാർ, വടക്കേമേലതിൽ, കൃഷ്ണവിലാസം, കരുംകുളം, പുതിയതുറ പി.ഒ | 01.04.2017 മുതൽ -19.11.2017 വരെ |
| | ശ്രീമതി. രമ്യ.എസ്.നായർ, ശ്രീകാർത്തിക, കോൺവെന്റ് റോഡ്, പ്രാവച്ചമ്പലം | 20.11.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. സുനിത.വി<br>രജിസ നിവാസ്<br>പാലോട്ടുവിള ,മലയിൻക്കീഴ് | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി കലാറാണി.എസ്, പ്രണവം, കുറ്റിക്കാട്, കൈമനം, പാപ്പനംകോട് പി.ഒ | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

പാലിയേറ്റീവ് കെയർ പദ്ധതി- പരിഷ്കരിച്ച മാർഗരേഖ പ്രകാരമുള്ള ഉത്തരവുകൾ പാലിച്ചിട്ടില്ല



| ക്രമ നം | വിഷയം | ഖണ്ഡിക നം. | പേജ് നം. |
|---|---|---|---|
| ഭാഗം - I | | | |
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1.7 | |
| 8 | ക്ഷേമ പദ്ധതികൾ | 1.8 | |
| 9 | ക്യാഷ് പരിശോധന | 1.9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 | |
| 11 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1.11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1.12 | |
| ഭാഗം-II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 2-1 | |
| 14 | വസ്തു നികുതി-തുക ഈടാക്കിയതിൽ കുറവ് | 2-2 | |
| 15 | രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല | 2-3 | |
| 16 | ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിൽ വീഴ്ച | 2-4 | |
| 17 | ഗ്രാമപഞ്ചായത്തിലെ മുഴുവൻ പട്ടികൾക്കും ലൈസൻസ് കൊടുക്കുന്നില്ല | 2-5 | |
| 18 | തൊഴിൽനികുതി അപാകങ്ങൾ | 2-6 | |
| ഭാഗം-III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 19 | പ്രോജക്റ്റ് രൂപീകരണത്തിലെ അപാകത-പദ്ധതി ഫലപ്രദമായിട്ടില്ല. | 3-1 | |
| 20 | പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല | 3-2 | |

| | | | |
|---|---|---|---|
| 21 | പാലിയേറ്റീവ് കെയർ പദ്ധതി – പരിഷ്കരിച്ച ഉത്തരവുകൾ പ്രകാരമുള്ള മാർഗ്ഗരേഖ പാലിച്ചില്ല. | 3-3 | |
| 22 | വിദ്യാഭ്യസത്തിനുള്ള പ്രോജക്ടുകൾ ആസൂത്രണംചെയ്യുന്നതിൽ ഗ്രാമപഞ്ചായത്ത് പിന്നാക്കം നിൽക്കുന്നു | 3-4 | |
| 23 | ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികൾ | 3-5 | |
| 24 | യഥാസമയം പണിപൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല | 3-6 | |
| 25 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. | 3-7 | |
| 26 | തരിശ്ശ് ഭൂമി കൃഷിക്ക് പ്രയോജനപ്പെടുത്തുന്നില്ല | 3-8 | |
| 27 | കുടിവെള്ളക്കരം/തെരുവുവിളക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കൽ - കൃത്യമായ കണക്കുകൾ ഇല്ല. | 3-9 | |
| 28 | തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ - വ്യവസ്ഥകൾ പാലിക്കുന്നില്ല | 3-10 | |
| 29 | പദ്ധതി മുഖേന വാങ്ങിയ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല – 7,85,400/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-11 | |
| 30 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 10,83,158/-രൂ തടസ്സപ്പെടുത്തുന്നു | 3-12 | |
| 31 | ആസൂത്രണത്തിലെ പോരായ്മ – ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങൾ – നടക്കുന്നില്ല. | | |
| ഭാഗം-IV ഓഡിറ്റ് പ്രത്യവലോകനം | | | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4.1 | |
| 33 | നിക്ഷേപ പ്രവൃത്തികൾക്ക്നൽകിയ തുകകൾ | 4.2 | |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 | |
| 35 | വായ്പ തിരിച്ചടവ് | 4.4 | |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 37 | ഓഡിറ്റ് റിക്കവറി | 4.6 | |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4.7 | |
| 39 | ചാർജ്-സർചാർജ് നടപടികളുടെ വിവരം | 4.8 | |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4.9 | |

# ഭാഗം 1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

2017-18 വർഷത്തെ ബജറ്റ് 25.03.2017ലെ (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ്

ഉൾപ്പെടെ 1,35,50,713.95/- രൂപ വരവും 1,11,14,000/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 8,87,67,018.95 /- രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 8,31,35,688 /- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രുക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 11.6.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2017-18 | 11.6.2018 | KSATVM GP4/1478/2018 Dt 29.8.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12804924.95 |
| വരവ് | 75962094.00 |
| ആകെ | 88767018.95 |
| ചെലവ് | 83135688.00 |
| നീക്കിയിരിപ്പ് | 5631330.95 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട്- ജനറൽ | 0 | 15396051 | 15396051 | 15396051 | 0 |
| വികസനഫണ്ട്- എസ്.സി.പി | 0 | 4698225 | 4698225 | 4698225 | 0 |
| വികസനഫണ്ട്- റ്റി.എസ്.പി | 0 | 47778 | 47778 | 47778 | 0 |
| വികസനഫണ്ട്- സി.എഫ്.സി | 0 | 8045571 | 8045571 | 8045571 | 0 |
| വികസനഫണ്ട്- KLGSDP | 0 | 262744 | 262744 | 262744 | 0 |
| മെയിന്റനൻസ്ഗ്രാന്റ്- റോഡ് | 0 | 16238632 | 16238632 | 16238632 | 0 |
| മെയിന്റനൻസ്ഗ്രാന്റ്- നോൺ റോഡ് | 0 | 3698927 | 3698927 | 3698927 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രെഷറി റ്റി.എസ്.ബി) | 4738145 | 9999000 | 14737145 | 15105032 | -367887 |
| ഡിസാസ്റ്റർ മാനേജ്മെന്റ് | 4870 | 190 | 5060 | 59 | 5001 |
| എം.എൻ.ആർ.ഇ.ജി.എസ് | 23418 | 1171500 | 1194918 | 1168181 | 26737 |
| SBI- Plan Fund | 80511.2 | 0 | 80511.2 | 649 | 79862.2 |

| | | | | | |
|---|---|---|---|---|---|
| ബി-ഫണ്ട് | 0 | 295680 | 295680 | 295680 | 0 |
| സാക്ഷരത | 6194.5 | 241 | 6435.5 | 59 | 6376.5 |
| തനത് ഫണ്ട് (SBI-E Payment) | 0 | 47672 | 47672 | 649 | 47023 |
| തനത് ഫണ്ട് (IOB-Own, District Co-operative Bank) | 7922738.25 (1625363.3+ 6297374.95) | 15894789 | 23817527.25 | 18119355 | 5669124.25 |
| കൈയിരിപ്പ് പണം | 29048 | 165094 | 194142 | 29048 | 165094 |
| ആകെ | 12804924.95 | 75962094 | 88767018.95 | 83135688 | 5631330.95 |

## 1-6 പദ്ധതി അവലോകനം

| ക്രമ നം | നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷിഓഫിസർ | 13 | 3393460 | 7 | 1404446 | 6 | 0 | 53.8 |
| 2 | വെറ്ററിനറി സർജൻ | 10 | 4014250 | 7 | 3553750 | 3 | 0 | 70 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച് സി.) | 7 | 1404000 | 6 | 1263253 | 1 | 0 | 85.7 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 200000 | 1 | 200000 | 0 | 0 | 100 |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 1350000 | 3 | 1337600 | 1 | 0 | 75 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 3713500 | 9 | 3167710 | 1 | 0 | 90 |
| 7 | വി.ഇ.ഒ (1) | 8 | 4445850 | 4 | 3257350 | 2 | 2 | 50 |
| 8 | വി.ഇ.ഒ (2) | 3 | 3845000 | 2 | 3545000 | 1 | 0 | 66.6 |
| 9 | സെക്രട്ടറി | 39 | 20939467 | 32 | 14322589 | 0 | 7 | 82 |
| 10 | അസി.സെക്രട്ടറി | 14 | 2865200 | 6 | 1280459 | 8 | 0 | 42.8 |
| 11 | അസി.എഞ്ചിനിയർ | 126 | 32460675 | 98 | 21789587 | 0 | 28 | 77.7 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 403750 | 1 | 402955 | 1 | 0 | 50 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 13 | ഹെഡ്മാസ്റ്റർ | 3 | 725000 | 1 | 667000 | 2 | 0 | 33 |
| | ആകെ | 240 | 79760152 | 177 | 56191699 | 26 | 37 | 73.75 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 23418 | 1171500 | 1194918 | 1168181 | 26737.50 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 22721259 | 22721259 | 22721259 | |
| ആകെ | 23418 | 23892759 | 23916177 | 23889440 | 26737 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 235680 | 402 |
| കർഷകതൊഴിലാളി പെൻഷൻ | 4118600 | 347 |
| വിധവാ പെൻഷൻ | 15175000 | 1249 |
| വാർദ്ധക്യകാലപെൻഷൻ | 26232400 | 1993 |
| വികലാംഗ പെൻഷൻ | 4416100 | 358 |
| വിവാഹധനസഹായം | 60000 | 2 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ളപെൻഷൻ | 156400 | 13 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.09.2018ന് രാവിലെ 10:45ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23,356/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

(1) പൊതു ഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം.

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണ ഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യ നീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടേയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പു വരുത്തുവാൻ സഹായിക്കുന്നു.

ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ.(കൈ.)123/09/ ത.സ്വ.ഭ.വ. തീയതി 2.7.2009) മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | ഓഫീസ് മീറ്റിംഗ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. |

| | | |
|---|---|---|
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണനടപടിയ്ക്ക് നൽകണം | പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റിയ്ക്ക് നൽകിയിട്ടില്ല. |
| 4 | റെക്കോർഡ് റൂം പരിപാലം | രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. |
| ഫ്രണ്ട് ഓഫീസ് | | |
| 5 | രജിസ്ട്രേഷൻ /വിതരണ രജിസ്റ്റർ പരിപാലനം | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. |
| 6 | അപേക്ഷ/പരാതിയ്ക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട്. |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട്. |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | സൂക്ഷിച്ചിട്ടുണ്ട്. |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | സൂക്ഷിച്ചിട്ടുണ്ട്. |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല. |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം . പി.ആർ.ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ അടുത്ത ദിവസം തന്നെ സെക്ഷനുകൾക്ക് നൽകാറുണ്ട്. |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിയ്ക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല. |

ഫ്രണ്ട് ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതുണ്ട്.

(2) <u>സേവനാവകാശം</u>

സംസ്ഥാന സേവനാവകാശ നിയമം (1.1.2013ലെ സ.ഉ.(എം.എസ്.)നം. 3/2013/ത.സ്വ.ഭ.വ.) പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി.) നം. 14/2013/പി.ആൻറ് എ.ആർ.ഡി. 20.4.2013ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18.6.2012) വകുപ്പ് മൂന്നിലെ ഭേദഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ

ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകി വരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ലഭിച്ച മുഴുവൻ അപേക്ഷകളും സമയബന്ധിതമായി പൂർത്തീകരിച്ചതായി ഓഡിറ്റ് അന്വേഷണത്തിന് (നം. 1/17-18) മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ആയത് പരിശോധിക്കുന്നതിനായി 2017-18ലെ സേവനാവകാശ രജിസ്റ്ററോ മറ്റ് രേഖകളോ ഓഡിറ്റിന് ഹാജാക്കിയിട്ടില്ല. അതിനാൽ പൊതു ജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിച്ചുവെന്ന് ഉറപ്പാക്കാനായിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.09.2018 | 01.04.2018 മുതൽ 31.08.2018 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.02.2014 മുതൽ 21.02.2014 വരെ | 2008-09 മുതൽ 2012-13 വരെ | 28.03.2014 |

## 1-12 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

വാർഷിക റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ കൂടാതെ മറ്റു അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | 2016 ഡിസംബർ 15-ന് മുൻപ് | 7.3.2017 |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017 ജനുവരി 15-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2017 ജനുവരി 25-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | 2017ഫെബ്രുവരി 1-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുൻപ് | 27.05.2017 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുൻപ് | 23.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 7-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 31-ന് മുൻപ് | 25.03.2017 |

## 2-2 വസ്തു നികുതി-തുക ഈടാക്കിയതിൽ കുറവ്

<u>വസ്തു നികുതി – തുക ഈടാക്കിയതിൽ കുറവ് – കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയിരിക്കുന്നു</u>.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 203-ാം വകുപ്പ്(2), (3)എന്നിവ പ്രകാരം ഓരേ ഗ്രാമപഞ്ചായത്തും ഓരോയിനം കെട്ടിടത്തിന്റെ ഉപയോഗമനുസരിച്ച് ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണത്തിനു ബാധകമായ വസ്തു നികുതി ഈടാക്കേണ്ടതാണ്.

എന്നാൽ പഞ്ചായത്തിന്റെ അംഗീകൃത നിരക്കിനെക്കാൾ കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയിരിക്കുന്നു. രണ്ടു വാർഡുകളിലെ വിവരം സഞ്ചയ സോഫ്റ്റ് വെയറിൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട നമ്പർ | കെട്ടിട ഉടമസ്ഥന്റെ പേര്, വിലാസം | ആകെ വിസ്തീർണ്ണം | ഏർപ്പെടുത്തിയ നികുതി (40/ ച.മി) | ഈടാക്കേണ്ടിയിരുന്ന നികുതി | നികുതി വ്യത്യാസം |
|---|---|---|---|---|---|---|
| 1 | 2/14/A | എൻ.കെ.ഗോപാലകൃഷ്ണൻ<br>ശാസ്ത ഫ്യൂവൽ പോയിന്റ്<br>പേയാട് | 109.63ച.മി | 4385.20 | 6577.8 (@60) | 2192.60 |
| 2 | 5/746 | ഉഷ.കെ<br>മേലെ വീട്<br>ചിറക്കോണം, പേയാട് | 210ച.മി | 8400 | 16800 (@80) | 8400 |

<u>മൊബൈൽ ടവറിന്റെ വസ്തു നികുതി പിരിച്ചിട്ടില്ല</u>

വിളവൂർക്കൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി 2013-14 മുതൽ പിരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നം/ വിസ്തീർണം | മൊബൈൽ ടവറിന്റെ പേര് |
|---|---|---|
| 1 | 8/130/10ച.മി | എയർടെൽ |
| 2 | 8/132/20 ച.മി | ബി.എസ്.എൻ.എൽ |

ഓഡിറ്റ് എൻക്വയറി നം.8നുള്ള മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് അരിയർ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നു അറിയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്

## 2-3 <u>രജിസ്റ്ററുകൾ പരിപാലിച്ചിട്ടില്ല</u>

വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട താഴെ കൊടുത്തിട്ടുള്ള രജിസ്റ്ററുകൾ സൂക്ഷിച്ചു വരുന്നില്ല.

1. <u>നികുതി ഒഴിവാക്കിയിട്ടുള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ</u>–

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ 3.6 പ്രകാരം ആക്ടിലെ 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ അവ ഒഴിവാക്കപ്പെട്ടതിനുള്ള കാരണങ്ങളും ഉൾപ്പെടുത്തിയ രജിസ്റ്റർ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

എന്നാൽ സ്ഥാപനത്തിന്റെ നികുതി നിർണയ രജിസ്റ്ററിൽ വിമുക്ത ഭടന്മാരുടെ നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 09.01.2018ലെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ യോഗത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ 60ച.മിയിൽ താഴെയുള്ള കെട്ടിടങ്ങളെയും പൊളിച്ചുമാറ്റിയ കെട്ടിടങ്ങളെയും നികുതിയിൽ നിന്നും ഒഴിവാക്കിയവരുടെ പട്ടിക നൽകിയിട്ടുണ്ട്. ആയതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ സ്ഥാപനത്തിന്റെ യാതൊരു രജിസ്റ്ററിലും ലഭ്യമല്ല.

2. അനധികൃത നിർമ്മാണങ്ങളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ.

3. വസ്തു നികുതി അപ്പീൽ രജിസ്റ്ററുകൾ.

4. നികുതി എഴുതിതള്ളൽ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ.

## 2-4 ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിൽ വീഴ്ച

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 1326 കൊമേഴ്സ്യൽ സ്ഥാപനങ്ങൾ ഉണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റിൽ 260 സ്ഥാപനങ്ങൾ മാത്രമേ ഉൾപ്പെട്ടിട്ടുള്ളൂ. 2017 -18 സാമ്പത്തിക വർഷം ആകെ 242 സ്ഥാപനങ്ങൾക്ക് മാത്രമാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുമുണ്ട്. ഉദാ 1) സുരക്ഷ്യ ആയുർവൈദ്യ നിലയം, 2) രേവതി മെഡിക്കൽ ലബോറട്ടറി. 21.02.2017ൽ അംഗീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം 2018–19ൽ തനതു വരുമാനം പൂർണ്ണമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2017–18ൽ മുൻവർഷത്തേക്കാൾ 5 സ്ഥാപനങ്ങൾക്ക് കൂടെ ലൈസൻസ് അനുവദിക്കാനേ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ.

പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളെയും കൊണ്ട് ലൈസൻസ് എടുപ്പിക്കാൻ സത്വര നടപടി സ്വീകരിക്കാൻ 03.11.2017ലെ ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ഡി & ഒ ലൈസൻസ് അനുവദിക്കുന്നതിൽ വീഴ്ച ഉള്ളതിനേക്കുറിച്ച് 2016–17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. പ്രസ്തുത അപാകങ്ങൾ പരിഹരിക്കുന്നതിന് 25.11.2017 ലെ ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി&ഒ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കുറ്റങ്ങൾ രാജിയാക്കൽ ചട്ടം പ്രകാരം നടപടി സ്വീകരിച്ചിട്ടില്ല.

ഡി & ഒ ലൈസൻസ് അനുവദിച്ച 30 അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ചുവടെ ചേർക്കുന്ന അപാകങ്ങൾ അപേക്ഷകൾക്ക് ഉള്ളതായി കണ്ടു.

1. ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്താത്തവ
2. പ്ലാസ്റ്റിക് നിരോധന സാക്ഷ്യപത്രം ഇല്ലാത്തവ
3. സാനിറ്ററി സർട്ടിഫിക്കറ്റ് ഇല്ലാത്തവ
4. ഭക്ഷ്യസുരക്ഷാ സാക്ഷ്യപത്രം ഇല്ലാത്തവ
5. തീയതി രേഖപ്പെടുത്താത്തവ

## 2-5 ഗ്രാമപഞ്ചായത്തിലെ മുഴുവൻ പട്ടികൾക്കും ലൈസൻസ് കൊടുക്കുന്നില്ല

2017 – 18 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ മൃഗാശുപത്രിയിൽ നിന്നും 455 പട്ടികൾക്ക് പേവിഷബാധയ്ക്കെതിരെ കുത്തിവെയ്പ്പ് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത സാമ്പത്തിക വർഷത്തിൽ ആകെ 35 പട്ടികൾക്ക് മാത്രമേ ഗ്രാമപ്പഞ്ചായത്തിൽ നിന്നും ലൈസൻസ് കൊടുത്തിട്ടുള്ളൂ. 2017–18ൽ തെരുവ്നായ്ക്കളുടെ പ്രജനന നിയന്ത്രണത്തിനായി 5,25,000/-രൂപ ഗ്രാമപഞ്ചായത്ത് ചെലവാക്കിയിട്ടുണ്ട്. 23 മൃഗങ്ങൾക്ക് പോസ്റ്റ് ബൈറ്റ് കുത്തിവെയ്പ്പ് നൽകിയിട്ടുണ്ട്. എന്നാൽ അലഞ്ഞ് തിരിയുന്ന നായ്ക്കളുടെ ഉടമസ്ഥർക്കെതിരെ 1998ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

## 2-6 തൊഴിൽനികുതി അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ എം ജി എൻ ആർ ഇ ജി എസ് വിഭാഗം 2017-18 സാമ്പത്തിക വർഷത്തിലെ രണ്ടാം അർദ്ധവർഷത്തിൽ തൊഴിൽനികുതി അടച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് കാര്യാലയം പ്രവർത്തിക്കുന്ന അതേ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എം ജി എൻ ആർ ഇ ജി എസ് വിഭാഗത്തിൽ നിന്ന് തൊഴിൽനികുതി പിരിച്ചെടുക്കാൻ കഴിയാത്തത് വലിയ വീഴ്ചയാണ്. ഡി സി ബി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ അരിയർ ഡിമാന്റ് ചെയ്യാൻ പോലും ഗ്രാമപഞ്ചായത്തിന് കഴിയുന്നില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കുടിവെള്ളക്കരം/തെരുവുവിളക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കൽ - കൃത്യമായ കണക്കുകൾ ഇല്ല.

പഞ്ചായത്തധീനതയിലുള്ള പൊതുടാപ്പുകളുടെയോ തെരുവുവിളക്കുകളുടെയോ കൃത്യമായ എണ്ണമോ ആയതിൽ പ്രവർത്തനക്ഷമമായത് എത്രയെണ്ണമെന്നോ തുടങ്ങി യാതൊരു കണക്കും സ്ഥാപനത്തിൽ ലഭ്യമല്ല.

15.05.2017 വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 61,72,816/-രൂപയാണ് വെള്ളക്കരത്തിന്റെ കുടിശ്ശികയായി സ്ഥാപനം ഒടുക്കുവാനുള്ളത്. 27.07.2017ൽ പദ്ധതി മുഖേന 9,00,000/-രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. (കൈപ്പറ്റ രസീത് ഹാജരാക്കിയിട്ടില്ല). 28.03.2018ലെ പഞ്ചായത്ത് ഡയറക്ടറുടെ കത്തിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള വാട്ടർ അതോറിറ്റിയുടെ രേഖകൾ പ്രകാരം ഒടുക്കാൻ ശേഷിക്കുന്ന തുക 26,40,656/-രൂ ആണ്. 292 പൊതുടാപ്പുകളുള്ളതായി വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ സംയുക്തപരിശോധന നടത്തുകയോ ആയതിന്മേൽ വ്യക്തത വരുത്തുകയോ ചെയ്തിട്ടില്ല.

തെരുവുവിളക്കിനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എല്ലാ മാസവും വ്യത്യസ്ത തുകയുള്ള ബില്ലുകൾ കെ.എസ്.ഇ.ബി നൽകുന്നതിനനുസൃതമായ തുക സ്ഥാപനം ഒടുക്കു വരുത്തുകയാണ് ചെയ്തുവരുന്നത്. തൻവർഷം ഈയിനത്തിൽ ആകെ 22,49,196/- രൂപ സ്ഥാപനം ഒടുക്കിയിട്ടുണ്ട്.

പഞ്ചായത്ത് ഫണ്ടിന് ഇത്തരത്തിൽ ഗണ്യമായ നഷ്ടം തുടർച്ചയായി ഉണ്ടാകുന്നത് ആശാവഹമല്ല. സംയുക്തപരിശോധന നടത്തുവാനും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാനും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അടിയന്തിരനടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

## 3-2 യഥാസമയം പണിപൂർത്തീകരിക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല

2017-18 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ ഭൂരിഭാഗം മരാമത്ത് പ്രവൃത്തികളും നിശ്ചിത സമയപരിധിക്കുള്ളിൽ കരാറുകാരൻ പൂർത്തീകരിച്ചിട്ടില്ല. കൂടാതെ ദീർഘീകരണത്തിന് അപേക്ഷ നൽകുകയുമുണ്ടായിട്ടില്ല.

പൊതുമരാമത്ത് വകുപ്പ് മാന്വൽ (ജി.ഒ(പി)13/2012/പി.ഡബ്ല്യഡി/ 01.02.2012) പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പൂർത്തീകരണമാവാത്തതിന്, ദീർഘീകരണത്തിന് അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിന് മുമ്പായി അപേക്ഷിക്കേണ്ടതാണ്. പൂർത്തീകരണ കാലാവധിക്കകം അപേക്ഷിക്കാത്തപക്ഷം കരാർ ദുർബ്ബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാക്കാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവ്വഹിച്ച പ്രവൃത്തികൾ അനധികൃതമാണ്. അതിന് തുക നൽകേണ്ടതില്ല. കരാർ വച്ചശേഷം സ്ഥലം ഏറ്റെടുത്ത് പണി തുടങ്ങാതിരുന്നാൽ കരാർ റദ്ദാക്കാവുന്നതാണ്. എന്നാൽ യഥാസമയം പണിപൂർത്തീകരിക്കാത്ത കരാറുകാരനിൽനിന്നും നിയമാനുസൃതമായി പിഴ ഈടാക്കുകയോ, കരാർ റദ്ദാക്കുകയോ ചെയ്തിട്ടില്ല.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ. നം. കരാറുകാരന്റെ പേര് | PAC | കരാറില് ഏർപ്പെട്ട് സ്ഥലം കൈമാറിയ തീയതി | കരാർ പ്രകാരം പണി പൂർത്തീകരിക്കേണ്ട തീയതി | പണി പൂർത്തീകരിച്ച തീയതി | പണി പൂർത്തിയാക്കാൻ താമസം വന്ന ദിവസങ്ങൾ | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 132/18 ശ്രീ.ഗോപാലകൃഷ്ണൻ നായർ | 224550/- | 13.09.20 പൂർത്തീകരണ കാലാവധി 3 മാസം | 13.12.2017 | 08.02.2018 | 58 | ആദ്യ തവണ (23 ദിവസം) 224550 x 1% = 22456/- അടുത്ത തവണ (35 ദിവസം) 224550 x |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | 2% = 4491/-<br>ആകെ **6737/-** രൂപ |
| 178/18<br>ശ്രീ. ഡബ്ല്യൂ.ചന്ദ്രൻ | 149985/- | 08.09.2017<br>പൂർത്തീ കരണ കാലാവധി 3 മാസം | 08.12.2017 | 07.02.2018 | 61 | ആദ്യ തവണ<br>(23 ദിവസം)<br>149985 x 1% = 1500/-<br>അടുത്ത തവണ (38 ദിവസം)<br>14985 x 2% = 3000/-<br>ആകെ **4500/-** രൂപ |
| 181/18<br>ശ്രീ.ഗോപാലകൃഷ്ണൻ നായർ | 100000/- | 3.9.2017<br>പൂർത്തീ കരണ കാലാവധി 2 മാസം | 03.11.2017 | 12.02.2018 | 101 | ആദ്യ തവണ<br>(15 ദിവസം)<br>100000 x 1% = 1000/-<br>അടുത്ത തവണ (86 ദിവസം)<br>100000 x 2% = 2000/-<br>ആകെ **3000/-** രൂപ |
| 148/18<br>ശ്രീ.ശ്രീധരൻനായർ | 432750/- | 08.09.2017<br>പൂർത്തീ കരണ കാലാവധി 3 മാസം | 08.12.2017 | 25.01.2018 | 48 | ആദ്യ തവണ<br>(23 ദിവസം)<br>432750 x 1% = 4328/-<br>അടുത്ത തവണ (25 ദിവസം)<br>432750 x 2% = 86555/-<br>ആകെ **12983/-** |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | രൂപ |
| 149/18<br>ശ്രീ.സന്തോഷ് കുമാർ | | 08.09.2017<br>പൂർത്തീ കരണ കാലാവധി 3 മാസം | 08.12.2017 | 25.01.2018 | 48 | ആദ്യ തവണ<br>(23 ദിവസം)<br>283100 x 1% = 2831/-<br>അടുത്ത തവണ (35 ദിവസം)<br>283100 x 2% = 5662/-<br>ആകെ **8493/-** രൂപ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കാനുള്ള നടപടി സ്വീകരിക്കാമെന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-3 ഗുണഭോക്തൃതെരഞ്ഞെടുപ്പ്- മാനദണ്ഡങ്ങൾപാലിക്കുന്നില്ല

ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സ.ഉ(എം.എസ്.)80/2017/ത.സ്വ.ഭ.വ തീയതി.3.4.2017 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് അപേക്ഷസ്വീകരിച്ചശേഷം വർക്കിംഗ് ഗ്രൂപ്പ് അർഹരായ ഗുണഭോക്താക്കളുടെ കരട് ലിസ്റ്റ് തയ്യാറാക്കി മുൻഗണനാ മാനദ്ണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കേണ്ടതും, ആയത് ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ ലിസ്റ്റ് പുതുക്കി ഗ്രാമസഭയിൽ അവതരിപ്പിച്ച് അന്തിമലിസ്റ്റ് തയ്യാറാക്കേണ്ടതുമാണ്. എന്നാൽ വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ മേൽ നിർദ്ദേശം പാലിക്കുന്നില്ല. ഗുണഭോക്താക്കളെ കണ്ടെത്തുന്നതും മാർക്കിട്ട് മുൻഗണന നിശ്ചയിക്കുന്നതും വാർഡുതല മീറ്റിംഗുകൾ കൂടിയാണ്. ഇതിന്മേൽ ഫീൽഡ് ലെവൽ പരിശോധന നടത്തുകയോ കരട് മുൻഗണനാലിസ്റ്റ് പുതുക്കി തയ്യാറാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഇനിയുള്ള ഗ്രാമസഭകളിൽ ഇത്തരത്തിൽ ലിസ്റ്റ് തയ്യാറാക്കാമെന്നുള്ള മറുപടിയാണ് നൽകിയിട്ടുള്ളത്. ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

<u>ഗ്രാമസഭാലിസ്റ്റിലില്ലാത്തവർക്ക് ആനുകൂല്യം നൽകിയിരിക്കുന്നു</u>.

2017-18 വർഷം ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾക്ക് ഗ്രാമസഭാ ലിസ്റ്റിലുൾപ്പെടാത്ത ഗുണഭോക്താക്കളെയും ഉൾപ്പെടുത്തിയ ഗുണഭോക്തൃലിസ്റ്റാണ് പഞ്ചായത്തിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥയ്ക്ക് പദ്ധതിനിർവ്വഹണത്തിനായി നൽകിയിക്കുന്നത്. വാർഡ് 3, 5, 6, 11 എന്നീ ഗ്രാമസഭാ മിനിട്സ് പരിശോധിച്ചതിൽ ഇത്തരത്തിൽ ലിസ്റ്റിലുൾപ്പെടാത്ത വ്യക്തികൾക്ക് പദ്ധതിയാനുകൂല്യം നൽകിയതായി ബോധ്യപ്പെട്ടുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഗ്രാമസഭാലിസ്റ്റിലുൾപ്പെടാത്തെ ആനുകൂല്യം കൈപ്പറ്റിയവരുടെ | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| | വിവരം | |
| പ്രോജ.നം.218/18 (കാലിത്തീറ്റ സബ്സിഡി) | വാർഡ് നം. 5 - ശ്രീ.സജു.എസ് വാർഡ് നം. 3 - ശ്രീ.യേശുദാസ്.ജെ ശ്രീ.വിജയൻ.ജി വാർഡ് നം. 6 - ശ്രീ.സെൽവരത്നം.സി ശ്രീമതി ശാലിനി.വി.എസ് | പശുവളർത്തൽ പ്രോജക്ടിലേക്ക് തെരഞ്ഞെടുത്ത ഗുണഭോക്താക്കളെ തന്നെയാണ് കാലിത്തീറ്റ സബ്സിഡിക്കായും പരിഗണിച്ചിരിക്കുന്നത്. ഇതിലേക്കായി പ്രത്യേകം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ല. |
| പ്രോജ.നം.265/18 (പാലിന് സബ്സിഡി നൽകൽ) | വാർഡ് നം. 5 - ശ്രീ.വിനോദ്.എസ് ശ്രീ.സജു.എസ് വാർഡ് നം. 11 - ശ്രീ.സുരേഷ്ബാബു ശ്രീ. സുദർശനൻ ശ്രീ.വിജയൻ ശ്രീ.രാമചന്ദ്രൻ | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തൃപ്തികരമായ മറുപടിയല്ല നൽകിയിരിക്കുന്നത്.

പദ്ധതിക്കാവശ്യമായ ഗുണഭോക്താക്കളെ കണ്ടെത്താൻ വർക്കിംഗ് ഗ്രൂപ്പും, മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രമിച്ചിട്ടില്ല. ഗ്രാമസഭാ അംഗീകാരമില്ലാത്ത ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പ്രോജക്ട് നടപ്പാക്കിയത് പദ്ധതി രൂപീകരണ നിർവ്വഹണഘട്ടത്തിലെ വീഴ്ചയായി വിലയിരുത്തുന്നു.

2. ആട് വളർത്തൽ പദ്ധതി (വനിത)- വരുമാന പരിധി പരിഗണിക്കാതെ ആനുകൂല്യം നൽകി.

## 3-4 തരിശ്ശ് ഭൂമി കൃഷിക്ക് പ്രയോജനപ്പെടുത്തുന്നില്ല

പഞ്ചായത്ത് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ആകെയുള്ള 5 ഹെക്ടർ തരിശ്ശുഭൂമിയിൽ 3 ഹെക്ടർ കൃഷിയോഗ്യമാണ്. തരിശ്ശ് ഭൂമിയിൽ തീറ്റപ്പുൽകൃഷി, തരിശ്ശ് നെൽകൃഷി എന്നീ ആശയങ്ങൾ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നും വന്നിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട പ്രോജക്ടുകളൊന്നും ആസൂത്രണം ചെയ്ത് നടപ്പാക്കിയിട്ടില്ല. ഇതിനാൽ പഞ്ചായത്ത് അധീനതയിലുള്ള തരിശ്ശ് ഭൂമി കൃഷിക്ക് പ്രയോജനപ്പെടാതെ പാഴായിപ്പോവുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ ഫലപ്രദമായ ഇടപെടലുണ്ടാകേണ്ടതാണ്.

## 3-5 തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങൽ - വ്യവസ്ഥകൾ പാലിക്കുന്നില്ല

ജി.ഒ.(പി) 3/2013 എസ്.പി.ഡി തീ: 21.06.2013 നം ഉത്തരവിൽ, കഴിഞ്ഞ മൂന്നു മുതൽ അഞ്ചു വർഷങ്ങളിലെ ഉപയോഗം മുൻനിർത്തി ഓരോ വർഷവും ആവശ്യമായ സാധനങ്ങളുടെ പട്ടിക വർഷാരംഭത്തിനു മുൻപ് തയ്യാറാക്കി ആയതിനുള്ള തുക ബജറ്റിൽ വകയിരുത്തണം എന്ന് നിഷ്കർഷിക്കുന്നു.

വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ, തെരുവുവിളക്ക് ഉപകരണങ്ങൾ വാങ്ങുന്ന വിഷയത്തിൽ, ഇത്തരത്തിലുള്ള ഒരു ആവശ്യകതാ നിർണ്ണയമൊന്നും സെക്രട്ടറി നടത്തിയിട്ടില്ല. തൻവർഷം തെരുവുവിളക്ക് മെയിന്റനൻസിന് കരാർ ലഭിച്ച കോൺട്രാക്ടറോട് കംപ്ലയിന്റ് രജിസ്റ്റർ പരിശോധിച്ച് അറ്റകുറ്റപണികൾക്കാവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി നൽകുവാൻ ഭരണസമിതി ആവശ്യപ്പെടുന്നു. അപ്രകാരം നൽകുന്ന ലിസ്റ്റ് പ്രകാരമുള്ള സാധനങ്ങൾ വാങ്ങി സൂക്ഷിക്കുകയും ടിയാൻ ആവശ്യപ്പെടുന്ന മുറയ്ക്ക് ഉപകരണങ്ങൾ വിതരണം നടത്തുകയും ചെയ്യുന്നു. കുറച്ചു പോസ്റ്റുകളുടെ നമ്പറുകൾ മാത്രം എഴുതി സൂക്ഷിച്ചിട്ടുള്ള കംപ്ലയിന്റ് രജിസ്റ്റർ പരിശോധിച്ച് ഇത്രയും ബൃഹത്തായ ഒരു ലിസ്റ്റ് കരാറുകാരൻ തയ്യാറാക്കുന്നതെങ്ങനെയെന്നും

വ്യക്തമല്ല.

സ്റ്റോക്ക് രജിസ്റ്ററും കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. വിതരണവിവരങ്ങൾ പലതും എഴുതിച്ചേർക്കാൻ വിട്ടുപോയതായാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അധികൃതർ അറിയിച്ചിട്ടുള്ളത്.

പഞ്ചായത്തുമായി കോൺട്രാക്ടർ വെച്ചിട്ടുള്ള കരാർ പ്രകാരം തെരുവുവിളക്കുകളിൽ നിന്നും അഴിച്ചുമാറ്റുന്നവയിൽ വീണ്ടും ഉപയോഗിക്കാനാകാത്തവ സ്ക്രാപ് ബുക്കിൽ രേഖപ്പെടുത്തി സ്ഥാപനത്തിൽ തിരികെ ഏൽപ്പിക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ അത്തരത്തിലൊരു രേഖ സ്ഥാപനത്തിലില്ല. കേടുവന്ന സാധനങ്ങൾ സൂക്ഷിക്കാൻ സ്ഥലമില്ലാത്തതിനാൽ അവ നശിപ്പിച്ചുകളയുന്നു എന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിലോ വർക്കിംഗ് ഗ്രൂപ്പിലോ ഈ വിഷയം സംബന്ധിച്ച ചർച്ചകളൊന്നും ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. തെരുവുവിളക്കുകൾ റിപ്പയർ ചെയ്തതായി അതാത് വാർഡുകളിലെ മെമ്പർമാർ അറിയിക്കുന്ന മുറയ്ക്ക് കരാറുകാരന് തുക നൽകുകയാണ് ചെയ്യുന്നത്. പദ്ധതി നിർവ്വഹണത്തിന്റെ ഒരു ഘട്ടത്തിലും മോണിട്ടറിംഗ് സമിതികൾ ശ്രദ്ധ നൽകിയിട്ടില്ല. എല്ലാ വർഷവും വൻതുകകൾ ചെലവിടുന്ന ഇത്തരം പ്രോജക്ടുകളിന്മേൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കൃത്യമായ നിയന്ത്രണങ്ങൾ ഉണ്ടാകേണ്ടതാണ്.

## 3-6 പദ്ധതി മുഖേന വാങ്ങിയ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല - 7,85,400/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | : എൽ.ഇ.ഡി ലൈറ്റ് വാങ്ങൽ (SO 119/2018) |
| നിർവ്വഹണോദ്യോഗസ്ഥ | : സെക്രട്ടറി |
| പദ്ധതി അടങ്കൽ | : 15,21,870/- രൂ |
| ബിൽ നം, തീയതി | : 28/13.03.2018 – 3870/-<br>32/26.03.2018 – 14,58,210/-<br>33/26.03.2018 – 59,790/- |

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിനായി 230 വിളക്കുകൾ വാങ്ങുകയുണ്ടായി. എൽ.ഇ.ഡി ലൈറ്റ് ഒരെണ്ണത്തിന് 6,600/-രൂ നിരക്കിൽ വാങ്ങിയവയിൽ ഒന്നും സ്ഥാപിച്ചതായി രേഖയില്ല. 2018-19 സാമ്പത്തിക വർഷത്തിലാണ് പ്രസ്തുത വിളക്കുകൾ സ്ഥാപിച്ചത് എന്നാണ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ, ഇവയിൽ 111എണ്ണം സ്ഥാപിക്കുന്നതിന് മാത്രമാണ് വിവിധ ഇലക്ട്രിക്കൽ സെക്ഷനുകളിലായി സൂപ്പർവിഷൻ ചാർജ്ജ് ഒടുക്കിയിട്ടുള്ളത്. ഉപകരണങ്ങൾ ഒന്നും സ്റ്റോക്കിൽ ശേഷിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, 119 ലൈറ്റുകളുടെ വിലയായ, 7,85,400/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

ടെണ്ടർ കൂടാതെ സാധനങ്ങൾ നേരിട്ട് വാങ്ങാൻ സർക്കാർ അനുമതിയുള്ള സ്ഥാപനങ്ങളിൽ നിന്നും ഉപകരണങ്ങൾ വാങ്ങാനായിരുന്നു പ്രോജക്ട് വിഭാവനം ചെയ്തത്. കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്ന സ്ഥാപനം ലൈറ്റൊന്നിന് 9,200/-രൂ രേഖപ്പെടുത്തി നൽകിയ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് 30 വാട്ടിന്റെ 165 യൂണിറ്റുകൾ വാങ്ങാനുള്ള പദ്ധതി രൂപീകരിച്ച് അംഗീകാരം നേടിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരം ഓർഡറിന്റെ ആകെ മൂല്യത്തിന്റെ 50 ശതമാനത്തിലധികമെങ്കിലും പ്രസ്തുത സ്ഥാപനം അസംബിൾ ചെയ്യുന്നതല്ല എങ്കിൽ ടെണ്ടർ നടപടികൾ കൈക്കൊള്ളേണ്ടതാണ്. തെരുവുവിളക്ക് ഉപകരണങ്ങൾ ആഗ്രോ ഇൻഡസ്ട്രീസ് നിർമ്മാണം നടത്തുന്നില്ല എന്നും ആകയാൽ ഉപകരണങ്ങൾ അവിടെ നിന്നും വാങ്ങാൻ കഴിയില്ല എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ടെങ്കിലും കമ്മിറ്റി അത് മുഖവിലയ്ക്കെടുത്തിട്ടില്ല.

ഇലക്ട്രിക്കൽ ഉപകരണങ്ങൾ വിതരണം ചെയ്യാൻ സർക്കാർ അനുമതിയുള്ള ക്രൂസ് എന്ന സ്ഥാപനം 26 വാട്ടിന്റെ ഒരു യൂണിറ്റിന് ഫിറ്റിംഗ് ചാർജ്ജുൾപ്പടെ 3,200/-രൂ നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യാം എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ വില കുറയുമ്പോൾ ഗുണവും കുറയും എന്ന വാദത്തിന്മേലാണ് ഇത് തള്ളിക്കളഞ്ഞത്. (29.11.2017ലെ I(4) നം. തീരുമാനം). തുടർന്ന് ആഗ്രോ ഇൻഡസ്ട്രീസുമായി ചർച്ച നടത്തി 26 വാട്ടിന്റെ ഒരു യൂണിറ്റിന് 6,600/-രൂ ആയി നിജപ്പെടുത്തി 230 യൂണിറ്റുകൾ വാങ്ങുന്നതിനായി പദ്ധതി റിവൈസ്

ചെയ്തിട്ടുണ്ട്. ഉപകരണങ്ങളുടെ എണ്ണത്തിൽ ഇത്രയും വർദ്ധനവ് വരുത്തിയതെന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമല്ല.

സാധനങ്ങൾ വാങ്ങുന്നത് പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമായിട്ടില്ല. 'ക്രൂസ്' സമർപ്പിച്ച വിലവിവരം പ്രകാരമുള്ള ഉപകരണങ്ങളുടെ ഗുണനിലവാരം പോലും പരിശോധിക്കാതെ ഇരട്ടിയിലധികം വിലയ്ക്ക് അതേ സാധനം മറ്റൊരു സ്ഥാപനത്തിൽ നിന്നും വാങ്ങാനുള്ള ഭരണസമിതി തീരുമാനം പഞ്ചായത്തിന് വൻനഷ്ടം വരുത്തിയിട്ടുണ്ട്.

## 3-7 പാലിയേറ്റീവ് കെയർ പദ്ധതി- പരിഷ്കരിച്ച മാർഗരേഖ പ്രകാരമുള്ള ഉത്തരവുകൾ പാലിച്ചിട്ടില്ല

29.10.2015 ലെ സ.ഉ(സാധാ) 3217/2015-ാം നം പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗരേഖ പ്രകാരമുള്ള ഉത്തരവുകൾ പാലിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1. ഖണ്ഡിക 2.6.2 പ്രകാരം ഒരു ദിവസം 8 രോഗികളെയെങ്കിലും സന്ദർശിക്കണം എന്നു നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ 11.05.2017-ൽ ഒരു രോഗിയെ മാത്രമാണ് സന്ദർശനം നടത്തിയത്.

2. ഖണ്ഡിക 2.6.3 (5),(6) എന്നിവ പ്രകാരം ഗൃഹസന്ദർശന വിവരങ്ങൾ, രോഗികൾക്ക് ലഭ്യമാക്കിയ സേവനങ്ങളും ഹോം കെയർ റിപ്പോർട്ട് ബുക്കിൽ ഹോം കെയർ ചുമതലയുള്ള നഴ്സ് രേഖപ്പെടുത്തി, തൊട്ടടുത്ത ദിവസം ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ ഹോം കെയർ റിപ്പോർട്ട് ബുക്ക് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പു വയ്ക്കേണ്ടതാണ്.

എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിലുള്ള യാതോരു രേഖപ്പെടുത്തലും നടത്തിയിട്ടില്ല. 2017 ഏപ്രിൽ മാസത്തെ ഹോം കെയർ റിപ്പോർട്ട് അപൂർണമാണ്. കൂടാതെ റിപ്പോർട്ട് ബുക്ക് നല്ല രീതിയിൽ പരിപാലിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം 13 നുള്ള മറുപടിയിൽ ഹോം കെയർ റിപ്പോർട്ട് ബുക്ക് ഭാവിയിൽ യഥാവിധി പരിപാലിച്ചു കൊള്ളാമെന്നും അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിലേയ്ക്ക് മെമ്പർ സെക്രട്ടറിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3. ഖണ്ഡിക 8 പ്രകാരമുള്ള ചുവടെ ചേർക്കുന്ന രജിസ്റ്ററുകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

1. Home care planning register

2. Volunteers register

3. Special OP register

4.Treatment record

5.Patient record

6.Staff & Volunteers attendance register

7.Events diary

8.Cash &Asset donate register

9.Receipt book(used &unused)

10.Patient Statistics register

11.Review meeting record book

മേൽ വിവരിച്ചിട്ടുള്ള രജിസ്റ്ററുകൾ പരിപാലിക്കുവാനും പദ്ധതി മാർഗരേഖ അനുശാസിക്കുന്ന മറ്റെല്ലാ കാര്യങ്ങളും കൃത്യമായി നടപ്പിലാക്കുന്നുണ്ടോയെന്നു പരിശോധിക്കുന്നതിലേയ്ക്കും മെമ്പർ സെക്രട്ടറിയുടെയും ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു

## 3-8 വിദ്യാഭ്യസത്തിനുള്ള പ്രോജക്ടുകൾ ആസൂത്രണം ചെയ്യുന്നതിൽ ഗ്രാമപഞ്ചായത്ത് പിന്നാക്കം നിൽക്കുന്നു

പതിമൂന്നാം പഞ്ചവത്സരപദ്ധതിയിൽ സ്കൂളുകൾക്ക് മെച്ചപ്പെട്ട സൗകര്യമൊരുക്കാമെന്ന വികസന രേഖയിൽ പറയുന്നുണ്ടെങ്കിലും പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ, പട്ടികജാതിക്കാരായ 8,9,10 ക്ലാസിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങലുകൾ എന്നീ രണ്ടു പദ്ധതികൾ മാത്രമാണ് 2017-18ൽ നടപ്പിലാക്കിയത്.

2017-18ൽ പശ്ചാത്തല സൗകര്യം, കമ്പ്യൂട്ടർവത്ക്കരണം, ഗ്രന്ഥശാല നവീകരണം, പഞ്ചായത്ത് എജ്യൂക്കേഷൻ രജിസ്റ്റർ, നാപ്കിൻ വെൻഡിംഗ് മെഷീൻ, പഞ്ചായത്ത് ജിംനേഷ്യം എന്നിവയാണ് പദ്ധതി കലായളവിലെ ആശയങ്ങൾ. സ്മാർട്ട് ക്ലാസ് റൂമുകളുടെ എണ്ണം പൂജ്യത്തിൽ നിന്നും 5 ആയി വർദ്ധിപ്പിക്കുന്നതാണ് ഒന്നാം നമ്പർ ലക്ഷ്യമായി പറയുന്നുണ്ടെങ്കിലും ആയതിലേയ്ക്കായി 2017-18 വർഷത്തിൽ യാതൊരു പദ്ധതിയും ആസൂത്രണം ചെയ്തിട്ടില്ല.

16.02.2017 ലെ വിദ്യാഭ്യാസ-സാംസ്കാരിക വർക്കിംഗ് ഗ്രൂപ്പിന്റെ യോഗത്തിൽ 30തോളം വിഷയങ്ങൾക്ക് അഭിപ്രായം വന്നിരുന്നുവെങ്കിലും കേവലം ഒന്നു മാത്രമാണ് (പട്ടികജാതിക്കാരായ 8,9,10 ക്ലാസിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ) നടപ്പിലാക്കിയത്. വർക്കിംഗ് ഗ്രൂപ്പിന്റെ ആശയങ്ങളല്ല വികസന രേഖയിൽ ലക്ഷ്യമായി ഉൾക്കൊളളിച്ചിരിക്കുന്നത്.

മേഖലയിൽ നടപ്പിലാക്കുവാൻ പദ്ധതികളുണ്ടായിട്ടും ആയതിലേയ്ക്കായി ഒന്നും നടപ്പിലാക്കത്തിന്റെ കാരണങ്ങൾ ഭരണ സമിതി പരിശോധിക്കുകയും അവ നടപ്പിലാക്കുന്നതിലേയ്ക്ക് ശ്രദ്ധചെലുത്തേണ്ടതുമാണ്.

## 3-9 ഹെഡ്മാസ്റ്റർ നിർവഹണം നടത്തിയ പദ്ധതികൾ

*പ്രോജക്ട് നം 122/2018, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ വാങ്ങൽ*

ജി.ഒ.(പി.)3/2013 എസ്.പി.ഡി. 21.6.2013ലെ ഖണ്ഡിക 7.7 പ്രകാരം ഒരു ലക്ഷം രൂപയും അതിനു മുകളിലുള്ള വാങ്ങലുകൾ ടെണ്ടർ മുഖേനയായിരിക്കും എന്നു നിഷ്കർഷിച്ചിരിക്കെ ടെണ്ടർ ക്ഷണിക്കാതെയാണ് മേൽ വാങ്ങലുകൾ നടത്തിയിരിക്കുന്നത്.

എസ്.സി.പി.ഫണ്ടുപയോഗിച്ച് ഗ്രാമപഞ്ചായത്തിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് സിഡ്കോയിൽ നിന്നും ഫർണിച്ചർ വാങ്ങിയിരിക്കുന്നു. 18 പഠനമേശയും,18 നീൽകമലിന്റെ കസേരയുമാണ് വാങ്ങിയിരിക്കുന്നത്.

എന്നാൽ 02.12.2016-ലെ 3299/2016/തസ്വഭവ ഉത്തരവ് പ്രകാരം ടെണ്ടർ ഒഴിവാക്കിവാങ്ങുന്ന സാധന സാമഗ്രികൾ സിഡ്കോയിൽ നിന്നും ഉൽപാദിപ്പിക്കുന്നവ മാത്രമേ വാങ്ങുവാൻ പാടുളളു.

| | | |
|---|---|---|
| ഫണ്ട് | : | എസ്.സി.പി. |
| അടങ്കൽ | : | 125000/- |
| ചെലവ് | : | 72000/- |
| ബിൽ നം. | : | 6/21.3.2018 |

ഓഡിറ്റ് എൻക്വയറി നം.1 നുളള മറുപടിയിൽ ഗവ.അംഗീകൃത സ്ഥാപനമായതിനാലാണ് പ്രസ്തുത വാങ്ങൽ നടത്തിയതെന്നും ഭാവിയിൽ ഇത്തരം വാങ്ങലുകൾ നടത്തതിരിക്കുവാൻ ശ്രദ്ധിക്കാമെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം വാങ്ങലുകൾ നടത്തുമ്പോൾ നിലവിലുളള ഉത്തരവുകൾ പാലിക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

*ട്രഷറി ബിൽ ബുക്കുകൾ ഓരോ സാമ്പത്തിക വർഷത്തിലും മാറ്റേണ്ടതാണ്.*

Kerala treasury rules -Payment through bills 5 പ്രകാരം ഓരോ സാമ്പത്തിക വർഷത്തിലും പുതിയ ബിൽ ബുക്ക് ഉപയോഗിക്കേണ്ടതാണെന്നു നിഷ്കർശിച്ചിട്ടുണ്ട്. എന്നാൽ ഹെഡ്മാസ്റ്റർ ഉപയോഗിക്കുന്ന ബിൽ ബുക്ക് 1.08.2015 മുതൽക്കുളളവയാണ്. ഓഡിറ്റ് എൻക്വയറി നം.1നുളള മറുപടിയിൽ അടുത്ത സാമ്പത്തിക വർഷം മുതൽ ഓരോ വർഷത്തേക്കും പുതിയ ട്രഷറി ബിൽ ബുക്ക് ഉപയോഗിക്കാമെന്നു

അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം നിർദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-10 പ്രോജക്ട് രൂപീകരണത്തിലെ അപാകത-പദ്ധതി ഫലപ്രദമായിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | എസ് 0201/2017-18 (പഞ്ചായത്ത് തല സ്പോർട്സ് കൗൺസിൽ രൂപീകരണവും ടീമിന് പരിശീലനവും) |
| അടങ്കൽ തുക | : | 90,000 രൂപ |
| ചെലവാക്കിയതുക | : | 11,784 രൂപ |
| ബിൽ നമ്പർ | : | 25/2017-18 തീയതി 21.03.2018 |

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ ടി പ്രോജക്ടിന്റെ ലക്ഷ്യങ്ങൾ യുവജനങ്ങളുടെ ശാരീരിക-മാനസികാരോഗ്യം വർദ്ധിപ്പിക്കൽ, യുവജനങ്ങൾ തമ്മിലുള്ള സഹകരണം വിപുലമാക്കൽ, ജാതിമത വർഗീയ വിവേചനങ്ങൾ ഇല്ലാതെ എല്ലാ യുവജനങ്ങളേയും ഒന്നുപോലെ ചേർത്തു നികത്തൽ, യുവജനങ്ങളുടെ സമഗ്ര വികസനം, പദ്ധതിപ്രവർത്തനങ്ങളിൽ പങ്കാളിത്തം വളർത്തുക എന്നിവയായിരുന്നു.

13-ാം പഞ്ചവത്സരപദ്ധതി മാർഗരേഖ [29.03.2017ലെ ജി.ഒ (എംഎസ്) നം. 72/2017/ തസ്വഭവ]യിൽ തദ്ദേശ സ്പോർട്സ് കൗൺസിലുകൾ സജീവമാക്കുകയും സ്പോർട്സ് കൗൺസിലുകളുടെ സഹായത്തോടെ ശാസ്ത്രീയ പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും കായികവികസനവുമായി ബന്ധപ്പെട്ട യൂത്ത് ക്ലബ് ഏകോപനസമിതി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും രൂപീകരിക്കേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിനും അതത് പ്രദേശത്ത് കായികരംഗത്ത് പ്രവർത്തിക്കുന്ന യൂത്ത് ക്ലബുകളുടെ സഹകരണത്തോടെ കായികവികസനം സാദ്ധ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിക്കാവുന്നതാണെന്ന് സബ്സിഡി മാർഗരേഖ [03.04.2017ലെ ജി.ഒ (എംഎസ്) നം. 80/2017/തസ്വഭവയിലെ ഖണ്ഡിക32 യിൽ സൂചിപ്പിച്ചിട്ടുണ്ട്.

വിളവൂർക്കൽ ഗ്രാമപഞ്ചായത്തിൽ സെലക്ഷൻ ട്രയൽസ്, ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കൽ, ടീം അംഗങ്ങൾക്ക് റിഫ്രഷ്മെന്റ്, ട്രെയിനറുടെ പ്രതിഫലം, സർട്ടിഫിക്കറ്റ്, ട്രോഫി, ക്യാഷ് അവാർഡ് വിതരണം, സൗഹാർദ്ദ മത്സരങ്ങളുടെ സംഘാടനം എന്നീ പ്രവർത്തനങ്ങൾക്കായി ആകെ 90,000/-രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയത്. എന്നാൽ 11,784/-രൂപ ചെലവാക്കി രണ്ട് ദിവസത്തെ പരിശീലന പരിപാടി നടത്തിയത് മാത്രമാണ് പദ്ധതിയുമായി ബന്ധപ്പെട്ട ക്രിയാത്മകമായ ഏക പ്രവർത്തനം. മാർഗരേഖകൾക്കനുസൃതമായുള്ള പ്രവർത്തനങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തിയെങ്കിലും അവ നടപ്പാക്കാനുള്ള നടപടികൾ നിർവഹണഘട്ടത്തിൽ ഉണ്ടായിട്ടില്ല. ആയതിനാൽ പദ്ധതി ഫലപ്രദമായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണവും വികസനരേഖ തയ്യാറാക്കലും സംബന്ധിച്ച 09.01.2017ലെ ജി.ഒ (എംഎസ്) നം. 10/2017/തസ്വഭവ ഉത്തരവിലെ 2.4-ാം ഖണ്ഡികയിൽ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക എന്നിവയും അവസ്ഥാരേഖ (status report) തയ്യാറാക്കുകയും ചെയ്യേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകളാണെന്ന് വിശദീകരിച്ചിട്ടുണ്ട്. കൂടാതെ status report ന്റെ അടിസ്ഥാനത്തിൽ വികസനരേഖ തയ്യാറാക്കേണ്ടതുമുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന status reportൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതെന്ന് 29.03.2017ലെ ജി.ഒ (എംഎസ്) നം. 72/2017/തസ്വഭവയിൽ (ഖണ്ഡിക 1.6) വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ടി പ്രോജക്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പ്രവർത്തനങ്ങൾ status reportലോ വികസനരേഖയിലോ ഉള്ള പ്രോജക്ട് ആശയവുമായി പൊരുത്തപ്പെടുന്നില്ല. വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവര കണക്കുകൾ ശേഖരിക്കാത്തതും ആയവ വിശകലനം ചെയ്ത് പ്രോജക്ട് ആശയങ്ങൾ തയ്യാറാക്കാത്തതും വർക്കിംഗ് ഗ്രൂപ്പിന്റെ വീഴ്ചയാണ്. മേഖലയിലെ അടിസ്ഥാനവിവരങ്ങൾ ശേഖരിക്കാത്തതു നിമിത്തം വികസനത്തിനുള്ള ശരിയായ ആവശ്യകതാ ഘടകങ്ങൾ നിർണ്ണയിക്കപ്പെട്ടിട്ടില്ല. കൂടാതെ പദ്ധതി നിർവഹണ സമയത്ത് വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിങ്ങ് കമ്മിറ്റിയായി പ്രവർത്തിക്കണമെന്ന നിർദേശവും പാലിച്ചിട്ടില്ല. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ ഓഡിറ്റിന്റെ പരിശോധനാവേളയിൽ വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്ട്സിൽ ഉണ്ടായിരുന്നില്ല.

## 3-11 പട്ടികജാതി വിഭാഗങ്ങൾക്കായുള്ള ഫണ്ട് വിനിയോഗം കാര്യക്ഷമമല്ല

സ്ഥാപനത്തിന്റെ 2017-18 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ലഹരി മരുന്നുകളുടെ ഉപയോഗം, തൊഴിലില്ലായ്മ, കുടിവെള്ളദൗർലഭ്യം മുതലായവയൊക്കെ പട്ടികജാതി കോളനികളിലെ ഗൗരവമേറിയ പ്രശ്നങ്ങളാണ്. സ്വയം തൊഴിൽസംരംഭങ്ങൾ, ബോധവൽക്കരണം എന്നീ ആവശ്യങ്ങൾ ഗ്രാമസഭകളിലും ഉയർന്നു വന്നിട്ടുണ്ട്. എന്നാൽ, വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, പഠനമുറി, വയോജനങ്ങൾക്ക് കട്ടിൽ, കുടിവെള്ളത്തിനായി ഗാർഹിക കണക്ഷനുകൾ എന്നിങ്ങനെയുള്ള പതിവ് പദ്ധതികളിൽ എസ്.സി.പി ഫണ്ട് വിനിയോഗം പരിമിതപ്പെട്ടിരിക്കുന്ന അവസ്ഥയാണുള്ളത്.

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ഈ വിഭാഗത്തിലെ ഫണ്ട് വിനിയോഗം ചുവടെപ്പറയും പ്രകാരമാണ്.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അടങ്കൽ തുക | ചെലവ് | ശതമാനം |
|---|---|---|---|---|
| 1 | സെക്രട്ടറി | 75900 | - | 0 |
| 2 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 69500 | 69500 | 100 |
| 3 | വെറ്ററിനറി സർജൻ | 156600 | 67500 | 43 |
| 4 | അസിസ്റ്റന്റ് സെക്രട്ടറി | 2241000 | 854600 | 38 |
| 5 | MO(പി.എച്ച്.സി, ഹോമിയോ, ആയുർവേദം) | - | - | -- |
| 6 | ഹെഡ്മാസ്റ്റർ | 225000 | 167000 | 74 |
| 7 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | -- | -- | -- |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 75000 | 74625 | 99 |
| | | | | |

സർക്കാർ വിഹിതമായി ലഭിക്കുന്ന തുക കൂടുതൽ ജനോപകാരപ്രദമായി വിനിയോഗിക്കുന്നതിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-12 ആസൂത്രണത്തിലെ പോരായ്മ - ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

സ്ഥാപനം തയ്യാറാക്കിയിട്ടുള്ള സ്റ്റാറ്റസ് റിപ്പോർട്ട്, വികസന രേഖ എന്നിവ പ്രകാരം പഞ്ചായത്തിലെ പൊതുജനാരോഗ്യം നേരിടുന്ന കാതലായ പ്രശ്നമാണ് മാലിന്യ സംസ്കരണം. പൊതു സ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുക, പ്ലാസ്റ്റിക മാലിന്യങ്ങളുടെ പെരുകൽ ഇവയെങ്ങാം പൊതുജനാരോഗ്യത്തിന് വെല്ലുവിളികളായി തീരുന്നു. പഞ്ചായത്തിനെ പ്ലാസ്റ്റിക് മുക്തമാക്കുന്നതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന് കെട്ടിടം നിർമ്മിക്കാൻ സ്ഥലം വാങ്ങിവാൻ പദ്ധതി രൂപീകരിച്ചെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല.

മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി പഞ്ചായത്തിൽ പ്ലാസ്റ്റിക് മാലിന്യ പരിപാലന ബൈലോ 25.7.2017 ലെ കമ്മിറ്റി അംഗീകരിക്കുകയും പ്ലാസ്റ്റിക് നിരോധനം നിലവിൽ വരികയും ചെയ്തിട്ടുണ്ട്. എന്നാൽ ബൈലോ പ്രകാരമുള്ള യൂസർ ഫീ, ഫൈൻ, രജിസ്ട്രേഷൻ ഫീ എന്നിവ ഈടാക്കി ടി ഉത്തരവ് നടപ്പിലാക്കാൻ പഞ്ചായത്തിന് നാളിതുവരെ കഴിഞ്ഞിട്ടില്ല. കൂടാതെ, കേരള പഞ്ചായത്ത് രാജ് ആക്ട് – വകുപ്പ് 219 Xൽ വ്യവസ്ഥ ചെയ്യുന്ന മാലിന്യ നിർമ്മാർജ്ജന ഫണ്ടും പഞ്ചായത്ത് രൂപീകരിച്ചിട്ടില്ല.

60 വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വി.ഇ.ഒ. നിർവഹണം നടത്തിയ പദ്ധതി മുഖേന സബ്സിഡി നൽകിയതു മാത്രമാണ് തൻവർഷം ഈ വിഷയത്തിൽ നടത്തിയ ഏക പ്രവർത്തനം. ആവശ്യമായ മുന്നൊരുക്കങ്ങളും വ്യക്തമായ ആസൂത്രണവും നടത്തി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിലേക്ക്

ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - 10,83,158/-രൂ തടസ്സപ്പെടുത്തുന്നു

2017-18 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണം നടത്തിയ ചുവടെപ്പറയുന്ന ഡെപ്പോസിറ്റ് വർക്കുകൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് നം | പദ്ധതിയുടെ പേര് | ബിൽ നം | തുക | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 79/17-18 | തുടർ സാക്ഷരത – പത്താം തരം തുല്യത | 28/27.2.2018 | 19250/- | സാക്ഷരതാ മിഷൻ |
| 214 | മല്ലൻ തമ്പുരാൻ ക്ഷേത്രറോഡ് പോസ്റ്റ് മാറ്റിസ്ഥാപിക്കലും ലൈൻ ദീർഘിപ്പിക്കലും | 10/23.8.2017 | 9703/- | കെ.എസ്.ഇ.ബി. പേയാട് |
| 220 | പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതിലൈൻ എക്സ്റ്റൻഷൻ | 11/24.08.17<br>14/26.09.17 | 325910/-<br>642145/- | കെ.എസ്.ഇ.ബി. പേയാട്<br>കെ.എസ്.ഇ.ബി. മലയിൻകീഴ് |
| 244 | PHCകെട്ടിടത്തിനായി പോസ്റ്റും സ്ട്രീറ്റ് മെയിനും സ്ഥാപിക്കൽ | 19/22.01.18 | 86150/- | കെ.എസ്.ഇ.ബി. പേയാട് |
| | ആകെ | | 1083158/- | |

പ്രവൃത്തികൾ പൂർത്തീകരിച്ചതായുള്ള രേഖകൾ ഹാജരാക്കാത്തതിനാൽ പ്രസ്തുത തുകയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18<br>2017-18 | 50000<br>20400<br>185500 | പാലിന്സബ്സിഡി<br>ജൈവസമൃദ്ധി<br>മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത | 50000<br>14960<br>79500 | --<br>5440<br>106000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1287000<br>20400<br>100000<br>185500 | കിണർ റീചാർജ്ജ്<br>ജൈവസമൃദ്ധി<br>പാലിന് സബ്സിഡി<br>മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത | 135850<br>14960<br>100000<br>185500 | 1151150<br>5440<br>--<br> |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇബി | തെരുവുവിളക്കു മീറ്റർ സ്ഥാപിക്കുന്നതിനായി ലൈൻ ദീർഘിപ്പിക്കൽ | 1999835 | പൂർത്തീകരിച്ചില്ല | 1999835 |
| കെഎസ്ഇബി | മല്ലൻ തമ്പുരാൻ ക്ഷേത്രം റോഡിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ ദീർഘിപ്പിക്കലും | 9703 | പൂർത്തീകരിച്ചില്ല | 9703 |
| കെഎസ്ഇബി | പോസ്റ്റ് സ്ഥാപിച്ച് വൈദ്യുതിലൈൻ എക്സ്റ്റൻഷൻ | 968055 | പൂർത്തീകരിച്ചില്ല | 968055 |
| കെഎസ്ഇബി | PHC കെട്ടിടത്തിനായി പോസ്റ്റും സ്ട്രീറ്റ് മെയിനും സ്ഥാപിക്കൽ | 86150 | യു.സി ലഭ്യമായിട്ടില്ല | 86150 |
| കെഎസ്ഇബി | ലൈഫ് പദ്ധതി - സ്പിൽ ഓവർ വീടിന് മുകളിലൂടെ പോകുന്ന ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കൽ | 24710 | യു.സി ലഭ്യമായിട്ടില്ല | 24710 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ് ഭവന പദ്ധതി | സ.ഉ(സാധാ) നം 207/2010 /ത.സ്വ.ഭ.വ തീ:20.01.2010 | 14023500 | 3916273 | 1402350 | - | 2513923 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2007-08 | 3-5 | 2009-10 | ഡി.പി.സി.അംഗീകാരം ലഭിക്കാത്ത പദ്ധതികൾ നടപ്പിലാക്കിയത് | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 88767018.95 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 83135688 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1868558 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.6 | 785400 | ശ്രീമതി.ലതിക കുമാരി.എസ് സെക്രട്ടറി,<br><br>TC 19/1992(1), ദേവശ്രീ,പൂജപ്പുര,തിരുവനന്തപുരം |
| 3.13 | 1083158 | ശ്രീമതി.ലതിക കുമാരി.എസ് സെക്രട്ടറി,<br><br>TC 19/1992(1), ദേവശ്രീ,പൂജപ്പുര,തിരുവനന്തപുരം |
| | 1868558 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ശ്രീമതി.ലതിക കുമാരി.എസ്
സെക്രട്ടറി,

TC 19/1992(1), ദേവശ്രീ,പൂജപ്പുര,തിരുവനന്തപുരം

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.4/704/2004 തീയതി.25.06.2014 | 1 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.4/820/2005, തീയതി.31.01.2014 | 2 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.4/311/2007 തീയതി.25.06.2014 | 1 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.4/483/2007 തീയതി.24.10.2011 | 1 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.4/484/2008 തീയതി.02.11.2011 | 3 | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/800/2009 തീയതി.08.07.2011 | 2 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2297/2011 തീയതി.05.04.2013 | 1 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.4/2298/2011 തീയതി.16.04.2013 | 1 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1700/2014 തീയതി.20.10.2014 | 3 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1789 /2014(2) തീയതി.08.12.2014 | 4 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1173/2014 തീയതി.13.10.2014 | 9 | |
| 2013-14 | കെ.എസ്.എ.റ്റി .വി.എം.ജി.പി.4/ 1078/2015 തീയതി.28.09.2015 | 3 | |
| 2014-15 | കെ.എസ്.എ.റ്റി .വി.എം.ജി.പി.4/ 1336/2016,തീയതി 30/07/2016 | 3 | |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ.റ്റി .വി.എം.ജി.പി.4/ 2131/2016 തീയതി.08.12.2016 | | |
| 2016-17 | കെ.എസ്.എ.റ്റി .വി.എം.ജി.പി.4/ 1936/2017 തീയതി.03.10.2017 | | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

*edited BL*

## അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വിളവൂർക്കൽ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.